**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി വഴിയുള്ള നഗർ നവീകരണ പ്രവർത്തികളുടെ പുരോഗതികൾ വെളുപ്പെടുത്താമോ; | (എ) | മലപ്പുറം മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലമുറ്റത്ത് പട്ടികജാതി നഗർ, ആണ്ടിക്കാട്ടിൽ പട്ടികജാതി നഗർ എന്നീ നഗറുകളുടെ പ്രവർത്തികൾ പൂർത്തീകരിച്ചു. ചെറുപറമ്പ് പട്ടികജാതി നഗറിന്റെ 30 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചു. മലയത്തൊടി നഗറിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| (ബി) | മൊറയൂർ പഞ്ചായത്തിലെ മലയത്തൊടി നഗറിലെ നവീകരണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; നിർമാണം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | മലയത്തൊടി ഗ്രാമത്തിന്റെ നവീകരണത്തിനായി 2018 DSoR നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 25.04.2025 ന് അംഗീകാരം നൽകിയിട്ടുണ്ട് എങ്കിലും ടി DSoR നിരക്കിൽ കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറായിട്ടില്ല; എന്ന് ഏജൻസി അറിയിച്ചതിനാൽ DSoR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം നൽകിയാലുടൻ പ്രവൃത്തി ആരംഭിയ്ക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | മലപ്പുറം മുനിസിപ്പാലിറ്റിയിലെ ചെറുപറമ്പ് അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ചെറുപറമ്പ് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തി 30% പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിയ്ക്കാനുള്ള പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ തീർക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ